(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 15,43,26,537.19 രൂപ.

	രൂപ
(ബി) തിരുവനന്തപുരം	89,88,105.00
കൊല്ലം	75,88,402.00
പത്തനംതിട്ട	37,99,880.00
ആലപ്പുഴ	51,07,723.80
കോട്ടയം	2,47,36,473.64
ഇടുക്കി	1,56,19,640.00
എറണാകുളം	2,52,61,437.85
തൃശ്ശൂർ	1,08,93,750.00
പാലക്കാട്	1,64,54,948.80
മലപ്പുറം	69,55,115.20
കോഴിക്കോട്	51,11,891.90
വയനാട്	21,28,950.00
കണ്ണൂർ	1,34,74,203.00
കാസർകോട്	82,05,915.90

1980-81, 1981-82 എന്നീ വർഷങ്ങളിൽ നൽകിയ തൊഴിലില്ലായ്മ വേതനം

1360. [2034] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1980-81, 1981-82 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷത്തിലും എത്ര പേർക്ക് വീതം തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ വർഷത്തിലും തൊഴിലില്ലായ്മ വേതനം കൊടുക്കുന്നതിന് എത്ര രൂപ വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1980-81-ൽ 240,833 പേർക്കും 1981-82-ൽ 146,831 പേർക്കും തൊഴിലില്ലായ്മ വേതനം നൽകിയിട്ടുണ്ട്.

(ബി) 1980-81-ൽ 12,99,24,550 രൂപയും 1981-82-ൽ 4,10,15,200 രൂപയും ചെലവഴിച്ചിട്ടുണ്ട്.

1980-81-ൽ കർഷക തൊഴിലാളി പെൻഷൻ ലഭിച്ചവർ

1361. [2036] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1980-81 സാമ്പത്തിക വർഷം ആകെ എത്ര പേർക്ക് കർഷക തൊഴിലാളി പെൻഷൻ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന് എത്ര രൂപ ചെലവായി ?

ഉത്തരം

(എ) 142543 പേർക്ക്.

(ബി) 10,92,27,925 രൂപ.

കശുവണ്ടി തൊഴിലാളികൾക്ക് മിനിമം കൂലി

1362. [2038] ശ്രീ. എം. വി. രാഘവൻ :

,, സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ .

(എ) സംസ്ഥാനത്തെ കശുവണ്ടി തൊഴിലാളികൾക്ക് മിനിമം കൂലി അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ :

(സി) ഇത് സംബന്ധിച്ച് ഹൈക്കോടതി ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ ;

(ഡി) ഉണ്ടെങ്കിൽ അത് എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നൽകിയിരുന്നു.

(ഡി) കശുവണ്ടി തൊഴിലാളികൾക്ക് പ്രഖ്യാപിത മിനിമം കൂലിയും ഡി. എ. യും ലഭിക്കുന്നില്ലായെന്ന് കാണിച്ചുകൊണ്ട് ഒരുകൂട്ടം പരാതികൾ കേരള ഹൈക്കോടതിയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കേസുകളിൻ മേൽ ബഹു. ഹൈക്കോടതി സെപ്റ്റംബർ 12-ാം തീയതി വിധി പ്രഖ്യാപിച്ചു. ടി വിധി അനുസരിച്ച് 18-9-1986-ന് അകം തൊഴിലാളികൾക്ക് ലഭിച്ച ആകെ തൊഴിൽ ദിനവും ലഭിക്കേണ്ട കൂലിയും, ലഭിച്ച കൂലിയും, പൊക്കി ലഭിക്കേണ്ട കൂലിയും മറ്റും കാണിച്ച് വിശദമായ സ്റ്റേറ്റ്മെന്റുകൾ കൊല്ലം ജില്ല ലേബർ ഓഫീസർക്ക് നൽകേണ്ടതും, ജില്ല ലേബർ ഓഫീസർ ഇതിൻമേലുള്ള തീരുമാനം, വിവരം ലഭിച്ച് ഒരാഴ്ചക്കകം എടുക്കേണ്ടതുമാണ്. ജില്ലാ ലേബർ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് ഉടമകൾ വേതനം നൽൽകേണ്ടതും ആയത് തൊഴിലാളി സ്വീകരിക്കുന്നില്ലെങ്കിൽ പ്രത്യേക തുക ജില്ല ഓഫീസിൽ ഡെപ്പോസിറ്റ് ചെയ്യേണ്ടതുമാണ്. തുടർന്ന് ഫാക്ടറി പ്രവർത്തിപ്പിക്കുന്നതിനും, പരിപ്പ്, നീക്കം ചെയ്യുന്നതിനും അവർക്ക് അവകാശമുണ്ടായിരിക്കും.

കോടതി വിധിയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ ലേബർ ഓഫീസർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly